# INDIAN SCHOOL DARSAIT
# TERM II- FEBRUARY 2019
# YEARLY EXAMINATION
# MALAYALAM

Class: V — Max.Marks:50

Date: 28 .02.2019 — Time: 2hrs

Name: ………………………….. — Roll No:………

General Instructions

1. All the questions are compulsory
2. Answer all questions in a separate paper

Q.I താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക:- 5X 1 = 5

അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട എബ്രഹാം ലിങ്കൺ,1809 ഫെബ്രുവരിയിൽ കെൻടക്കിയിലാണ് ജനിച്ചത്. പിതാവ് തോമസ് ലിങ്കൺ. മാതാവ് നാൻസി ഹാങ്ക്സ്.പിതാവ് ആശാരിപ്പണി ചെയ്യുന്ന ആളും കൃഷിക്കാരനുമായിരുന്നു.മാതാപിതാക്കൾ നിരക്ഷരർ ആയിരുന്നു. ദാരിദ്ര്യം കൂടപ്പിറപ്പായിരുന്നു ലിങ്കണ്.ഒൻപത് വയസ്സായപ്പോൾ അമ്മ മരിച്ചു.രണ്ടാനമ്മയാണ് ലിങ്കണെ വളർത്തിയത്.കുട്ടിക്കാലത്ത് ജീവിതത്തിലുണ്ടായ ഏക സന്തോഷം വായന മാത്രമായിരുന്നു.ബാല്യം പിന്നിട്ടപ്പോൾ പഠനം നിർത്തി.1861-ൽ ലിങ്കൺ അമേരിക്കൻ പ്രസിഡൻറായി.അടിമത്തം നിരോധിച്ച അദ്ദേഹത്തെ 'കറുത്തവരുടെ സൂര്യൻ' എന്നാണ് അടിമകൾ വിശേഷിപ്പിച്ചത്..

a) എബ്രഹാം ലിങ്കൺ ജനിച്ചതെവിടെ ?

b) ലിങ്കൻെറ മാതാവിൻെറ പേരെന്ത് ?

c) പിതാവിൻെറ ജോലി എന്തായിരുന്നു?

d) കുട്ടിക്കാലത്ത് അദ്ദേഹത്തിനുണ്ടായിരുന്ന ഏക സന്തോഷം എന്തായിരുന്നു?

e) അടിമകൾ ലിങ്കണെ വിശേഷിപ്പിച്ചതെന്ത്?

Q.II ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:- 4X ½ = 2

a) എൻെറ വീടിന് ഒരു തൂണേയുള്ളൂ.- ഈ കടങ്കഥയുടെ ഉത്തരം ഏത് ?
(മരം, കൂൺ, പാലം)

b) കാള കിടക്കും കയറോടും- ഈ കടങ്കഥയുടെ ഉത്തരം ഏത് ?
(കൈതച്ചക്ക, പപ്പടം, മത്തങ്ങ)

c) പറക്കുന്ന പക്ഷികളിൽ നല്ലതേത്?
(ഗരുഡൻ, ജടായു, പൈങ്കിളി)

d) ചങ്ങമ്പുഴയുടെ കവിതയല്ലാത്തതേത് ?
(ബാഷ്പാഞ്ജലി, യവനിക, നളിനി)

Q.III അർഥം എഴുതുക 4X ½ = 2

a) സൗഹൃദം b) അപൂപം c) ഗ്രഹിക്കുക d) ശതം

Q.IV രണ്ടു വീതം പര്യായപദം എഴുതുക:- 3X 1 = 3

a) രാജാവ് b) എലി c) സ്വർഗം

Q.V പിരിച്ചെഴുതുക:- 4X ½ = 2

a) ബോധമില്ല b) തിരുപ്പിറവി
c) കറയറ്റ d) കാണാനില്ല

Q.VI വിപരീതപദം എഴുതുക:- 2X ½ = 1

a) സാധാരണം b) രസം

Q.VII അർഥവ്യത്യാസം എഴുതുക :- 1X 1 = 1

a) അർത്ഥം - അർദ്ധം

Q.VIII നാനാർഥം എഴുതുക :- 1X 1 = 1

a) വസ്തു

Q.IX വാക്യത്തിൽ പ്രയോഗിക്കുക:- 2X 1 = 2

a) ഇടിവെട്ടേറ്റപോലെ b) നിലവിളിച്ചു

Q.X നാമപദങ്ങളും ക്രിയാപദങ്ങളും വേർതിരിച്ചെഴുതുക:- 1X 3 = 3

കരഞ്ഞു, സ്വർണം, മനസ്സ്, പോയി, ചിത്രം, എഴുതി

Q.XI ശരിയായ വിശേഷണപദം തെരഞ്ഞെടുത്തെഴുതുക:-:- 4X ½ = 2

(ശുദ്ധമായ, ശക്തമായ, നീളമേറിയ, മധുരമായി)

a) കേരളത്തിലെ -------------നദിയാണ് പെരിയാർ.
b) ഇന്നലെ ----------- കാറ്റടിച്ചു.
c) ആതിര ----------പാടി..
d) --------------- ജലം കുടിക്കണം.

Q.XII സർവ്വനാമം ചേർത്ത് പൂരിപ്പിക്കുക :- 2X ½ = 1

a) മീനുവിനൊരു തത്തയുണ്ട്.--------നന്നായി സംസാരിക്കും.
b) അമ്മുവിനു സമ്മാനം ലഭിച്ചു.--------ഒരു നല്ല നർത്തകിയാണ്..

Q.XIII ഒറ്റ വാക്യമാക്കുക:- 2X 1 = 2

a) രമ്യ പാട്ടുപാടി. ആളുകൾ കൈയടിച്ചു.

b) പഴങ്ങൾ ആരോഗ്യത്തിനു നല്ലതാണ്. പച്ചക്കറികൾ ആരോഗ്യത്തിനു നല്ലതാണ്.

Q.XIV ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക :- 4X 1 = 4

a) മലയാളത്തിൽ ഏറ്റവുമധികം പതിപ്പുകൾ പുറത്തു വന്നിട്ടുള്ള കവിതാപുസ്തകം ഏത്?

b) ക്രിസ്മസ് രാത്രിയിൽ കുട്ടികളെ തേടി എത്തുന്നതാര് ?

c) ഉമ്മ പൊട്ടിപ്പെണ്ണെന്നു വിളിച്ചതാരെ ?

d) 'രാമൻ മരണ ശയ്യയിലാണെന്നും ബോധമില്ലെന്നുമാണ് കേട്ടത് ' ആര് ആരോട് പറയുന്നതാണീ വരികൾ ?

Q.XV പദ്യം പൂരിപ്പിക്കുക:- 6 വരി 1X 3 =3

" മലരണി-----------------------------

---------------------------- പുല്കി നീക്കി"

Q.XVI ഉത്തരമെഴുതുക:- 4X 2 =8

a) ഇല്ലിക്കോലിൽ നെയ്യപ്പം എന്ന കഥയിലെ ഉമ്മയുടെ പ്രത്യേകതകളെന്തെല്ലാം ?

b) രാമന്റെ മരണ വാർത്ത കേട്ട രാജാവ് എന്താണ് കല്പിച്ചത് ?

c) നിങ്ങൾക്കറിയാവുന്ന നാലു പഴഞ്ചൊല്ലുകൾ എഴുതുക

d) നാടൻ പാട്ടു സാഹിത്യം എന്നാലെന്ത് ?

Q.XVII ഭൂത, ഭാവി,വർത്തമാന കാലങ്ങൾ വേർതിരിച്ചെഴുതുക:- 1X 3 = 3

a) വാങ്ങി, പങ്കെടുക്കും,നടക്കുന്നു,ചോദിക്കും,വന്നു,പോകുന്നു

QXVIII ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക :- 1X 5 =5

a) 'നിങ്ങൾ കണ്ട മനോഹരമായ ഒരു സ്വപ്നം'

അല്ലെങ്കിൽ

'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട'